# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 186

04.05.2017 ൽ മറുപടിക്ക്

## അനധികൃത പാറ ഖനനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. അബ്ദു റബ്ബ്<br>ഡോ. എം.കെ. മുനീർ<br>ശ്രീ.പി.ബി. അബ്ദുൽ റസ്സാക്ക്<br>ശ്രീ. അബ്ദുൾ ഹമീദ് പി. | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) സംസ്ഥാനത്ത് അനധികൃത പാറ ഖനനം വ്യാപകമാകുന്നതുമൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെ സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; പരിഹാര നടപടികളെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ ശാസ്ത്രീയമായ രീതിയിലുള്ള പരിസ്ഥിതി സൗഹൃദ ഖനനം നടപ്പിലാക്കുന്നതിനു വേണ്ടി പുതിയതായി അനുവദിക്കുന്ന ഖനനാനുമതികൾക്ക് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുണ്ട്. ഇത്തരം അനുമതികൾ നൽകുന്നതിന് ജില്ലാ തലത്തിൽ ജില്ലാ കലക്ടർ ചെയർമാനായി ഡിസ്ട്രിക്റ്റ് എൻവിയോൺമെന്റ് ഇംപാക്റ്റ് അസസ്മെന്റ് അതോറിറ്റികൾ നിലവിൽ വന്നിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം ദ്രുതഗതിയിൽ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. വിദഗ്ദ്ധ സമിതിയുടെ പല തലങ്ങളിലുള്ള പരിശോധനയ്ക്കു ശേഷം പാരിസ്ഥിതികാനുമതി നൽകുന്നതു മൂലം പരിസ്ഥിതി സൗഹൃദവും ശാസ്ത്രീയവുമായ ഖനനം നടത്തുന്നത് ഉറപ്പു വരുത്താൻ കഴിയുന്നതാണ്. |
| (ബി) സർക്കാരിന് നികുതിയിനത്തിൽ ലഭിക്കേണ്ട തുക ഖനന ലോബി തട്ടിയെടുക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സർക്കാർ നയം എന്താണെന്ന് വ്യക്തമാക്കുമോ? | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സർക്കാരിന് റവന്യു നഷ്ടം വരാതിരിക്കുന്ന രീതിയിൽ 05.01. 2015- ൽ ഖനന ചട്ടങ്ങളിൽ ഭേദഗതി വരുത്തി റോയൽറ്റി വർദ്ധിപ്പിച്ചു. ധാതുക്കൾ പ്രകൃതി വിഭവങ്ങളായതിനാൽ ഖനനം അനുവദിക്കുന്നത് മൂലം സർക്കാരിൽ ലഭിക്കേണ്ട റോയൽറ്റി തുക കൃത്യമായി ഈടാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. |

സെക്ഷൻ ഓഫീസർ